LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതുകടം

153 (167) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2006-ലും 31-3-2010-ലും സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണ് ;

(ബി) ഏതൊക്കെ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് പൊതുകടം എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006 മാർച്ച് 31-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 45929.05 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2010 മാർച്ച് 31-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 70969.43 കോടി രൂപയാണ്.

(ബി) കറന്റ് റവന്യൂവിൽനിന്നുള്ള നീക്കിയിരിപ്പ് (BCR), മിസ്സേനിയസ് ക്യാപ്പിറ്റൽ റെസീപ്റ്റ്സിൽ ഉള്ള കുറവ് (വായ്പ തിരിച്ചടവ് കഴിച്ചുള്ളത്) എന്നിവ നികത്തിയതിനുശേഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അധികതുക കണ്ടെത്താനാണ് പൊതുകടം ഉപയോഗിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനം പരമാവധി വർദ്ധിപ്പിച്ച് പൊതുകടമെടുപ്പ് പരിധിക്കുള്ളിൽ നിർത്തി സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ച്കൊണ്ടുവരാൻ ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്. ഇതിന്റെഫലമായി 2005-06-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 33.56% ആയിരുന്ന പൊതുകടം 2009-10-ൽ 30.81% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

പൊതുകടം

154 (168) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2006-07-ൽ) പൊതുകടം എത്ര രൂപയായിരുന്നു ;

(സി) ഇപ്പോൾ പൊതുകടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ ആളോഹരി കടം ഇപ്പോൾ എത്ര രൂപയാണ് ; 2006-07 വർഷത്തിൽ ആളോഹരി കടം എത്ര രൂപയായിരുന്നു ;

(ഇ) സംസ്ഥാനത്തിന്റെ റവന്യൂകമ്മി ഇപ്പോൾ എത്ര രൂപയാണ് ; 2006-07 വർഷത്തിൽ ഇതെത്രയായിരുന്നു ;

(എഫ്) വാണിജ്യ നികുതിയടക്കം വിവിധ നികുതി ഇനങ്ങളിൽനിന്നായി എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താല്ക്കാലിക കണക്കുകൾപ്രകാരം 2010 ഡിസംബർ 31-ൽ സംസ്ഥാനത്തിന്റെ പൊതുകടം 74298 കോടി രൂപയാണ്.

(ബി) 2006 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതുകടം 45929 കോടി രൂപയായിരുന്നു.

(സി) ഉണ്ട്. താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ 2010 ഡിസംബർ 31-ൽ 2006 മാർച്ച് 31-നെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 28369 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2005-06-ൽ ആഭ്യന്തര ഉല്പാദനത്തിന്റെ 33.5 ശതമാനമായിരുന്ന പൊതുകടം 2009-10 ആയപ്പോഴേക്കും 30.8 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ഡി) 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 31-12-2010-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം 23,364 രൂപയാണ്. 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 2007 മാർച്ച് 31-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ ആളോഹരി കടം 15,684 രൂപയായിരുന്നു.

(ഇ) 2010 ഡിസംബർ 31-ലെ താത്ക്കാലിക കണക്കുകൾ പ്രകാരം 2010-11-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2495.58 കോടി രൂപയാണ്. 2006-07 വർഷത്തിൽ ഇത് 2637.94 കോടി രൂപയായിരുന്നു.

(എഫ്) വിവിധ വകുപ്പുകളിൽനിന്നായി നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വകുപ്പുകൾ		രൂപ (കോടിയിൽ)
(1)	(2)		(3)
1.	വാണിജ്യ നികുതി വകുപ്പ്	2010 മാർച്ച് 31 വരെ	4278.01
2.	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	2010 ഡിസംബർ വരെ	3750.00
3.	ലാന്റ് റവന്യൂ	2010 ഡിസംബർ വരെ	292.18

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
4.	മോട്ടോർ വെഹിക്കിൾസ് (കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ)	2010 മാർച്ച് വരെ	292.2
5.	സ്റ്റേറ്റ് എക്സൈസ്	2010 നവംബർ വരെ	163.94
6.	രജിസ്ട്രേഷൻ	2010 ഡിസംബർ വരെ	5.63
	ആകെ		8781.96

*2010 മാർച്ച് 31-ലെ ഡിപ്പാർട്ട്മെന്റ് കണക്കുപ്രകാരമുള്ള 4278.01 കോടി രൂപയിൽ അപ്പീൽ അനുസരിച്ച് നികുതി കുറവിനത്തിൽ 572.63 കോടി രൂപ ഡിമാന്റിൽ കുറയ്ക്കേണ്ടതുണ്ട്. 866.31 കോടി രൂപ വസ്തുവകകളിലല്ലാത്തതോ, പിരിച്ചെടുക്കാനാകാത്തതോ ആയ കുടിശ്ശികയാണ്. ബാക്കിയുള്ള തുകയിൽ 674 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശികയാണ്. 265 കോടി രൂപയുടെ റവന്യൂ റിക്കവറി ഡിമാന്റ് മറ്റു സംസ്ഥാനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ളതാണ്. കുടിശ്ശികയിൽ പിരിച്ചെടുക്കാവുന്ന കുടിശ്ശിക 1018.68 കോടി രൂപമാത്രമാണ്. 588.7 കോടി രൂപ കോടതിയുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും 24.80 കോടി രൂപ സർക്കാർ സ്റ്റേ ആയും ഉൾപ്പെട്ട കുടിശ്ശികയാണ്.

പൊതുകടവും ആളോഹരികടവും

155 (169) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഇപ്പോഴത്തെ പൊതുകടവും ആളോഹരികടവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ഏജൻസികളിൽനിന്നാണ് ഈ തുക വായ്പയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം വർദ്ധിച്ചുവരാനുള്ള സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുകടം തിരിച്ചടയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പൊതുകടം വർദ്ധിച്ച് സംസ്ഥാനം കടക്കെണിയിൽ അകപ്പെടാനുള്ള സാഹചര്യം നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly